<u>അനുബന്ധം</u>

**1) മടവീഴ്ചയും ബണ്ട് പുനർനിർമ്മാണവും**

കുട്ടനാട്ടിൽ മടവീഴ്ചയുണ്ടായ ബണ്ടുകൾ നന്നാക്കുന്നതിന് 1,42,76,000/-രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. ഈ തുക 20% അഡ്വാൻസായി 147 പാടശേഖരങ്ങൾക്ക് നൽകിയിരുന്നു. ബാക്കി വരുന്ന 80%തുക എൻജിനീയറുടെ വാല്യുവേഷൻ പ്രകാരം നൽകി വരുന്നു. കൂടാതെ പ്രളയത്തിൽ നഷ്ടപ്പെട്ട മോട്ടോർ, പമ്പ്സെറ്റ്, പെട്ടി, പറ എന്നിവയുടെ റിപ്പയറിംഗിനായി 202.38 ലക്ഷം രൂപ ഇതിനോടകം അനുവദിച്ചു കഴിഞ്ഞു. ജൂൺ മാസത്തിൽ മടവീണ 14 പാടശേഖരങ്ങൾക്ക് 23.11 ലക്ഷം രൂപ മട കുത്തുന്നതിന് ധനസഹായമായി നൽകി. കേടുപാടുകൾ സംഭവിച്ച ബണ്ടുകൾ റിപ്പയർ ചെയ്യുന്നതിന് കിലോമീറ്ററിന് 60000/- രൂപ എന്ന നിരക്കിൽ ധനസഹായം പാടശേഖര സമിതികൾക്ക് നൽകി വരുന്നു.

**2) പാടശേഖരങ്ങളിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ**

പ്രളയത്തിൽ കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്ത് കൃഷി യോഗ്യമാക്കുന്നതിന് ധനസഹായമായി ഹെക്ടറിന് 12200/- രൂപ പ്രകാരം കൃഷി വകുപ്പ് നൽകിയിട്ടുണ്ട്. ഇതിനായി 3560 ലക്ഷം രൂപ അനുവദിച്ചത് കർഷകർക്ക് വിതരണം നടത്തി കഴിഞ്ഞു.

**3) സൗജന്യനെൽ വിത്ത് വിതരണം**

കുട്ടനാട്ടിലെ എല്ലാ നെൽകർഷകർക്കും 2018-19 പുഞ്ചകൃഷിയ്ക്ക് സൗജന്യ വിത്ത് നൽകി. 3742 മെ.ടൺ നെൽ വിത്ത് സൗജന്യമായി നൽകിയിട്ടുണ്ട്.

**4)കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം**

ആലപ്പുഴ ജില്ലയിലെ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരമായി എസ്.ഡി.ആർ .എഫ് ഫണ്ടിൽ നിന്നും അനുവദിച്ചിരുന്ന 20 കോടി രൂപയും ഇതിനോടകം വിതരണം ചെയ്ത് കഴിഞ്ഞു. ഏകദേശം 56000 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കൂടാതെ 524.67 ലക്ഷം രൂപ സ്റ്റേറ്റ് ഫണ്ടിൽ നിന്നും കൃഷി നാശത്തിന് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

**5) വിള ഇൻഷ്വറൻസ് പദ്ധതി**

ഈ പദ്ധതിയിൽ വിള ഇൻഷ്വർ ചെയ്ത കർഷകർക്കെല്ലാം നഷ്ടപരിഹാരമായി 9 കോടി രൂപ ഇതിനോടകം അനുവദിച്ചു കഴിഞ്ഞു.

Saimulathim
സെക്ഷൻ ഓഫീസർ